"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭഗാമായി ബേക്കറി - പാളയം - എയർപോർട്ട് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ.88/2005 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.40/2026/LSGD** **തീയതി, തിരുവനന്തപുരം, 05-01-2026**

---

പരാമർശം:-
1. ബഹു. തിരുവനന്തപുരം I അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ.88/2005 നമ്പർ കേസിന്മേലുള്ള 08/01/2009 തീയതിയിലെ വിധിന്യായം
2. സ.ഉ.(പി)നം. 32/2019/ധന, തീയതി, 18/03/2019.
3. സ.ഉ.(സാധാ) നം.1827/2025/തസ്വഭവ തീയതി 25/07/2025
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 01/12/2025 തീയതിയിലെ എ3/1771/2006/ടിഡ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ബേക്കറി - പാളയം - എയർപോർട്ട് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 88/2005 നമ്പർ കേസിൽ പരാമർശം (3) പ്രകാരം അനുവദിച്ചിരുന്ന വിധിക്കടത്തുകയായ 1,76,386/- രൂപ (ഒരു ലക്ഷത്തി എഴുപത്തിയാറായിരത്തി മുന്നൂറ്റി എൺപത്തിയാറ് രൂപ മാത്രം) ബഹു. കോടതിയിൽ കെട്ടിവച്ചിട്ടുള്ളതായും. ടി കേസിലെ അവശേഷിക്കുന്ന വിധിക്കടത്തുകയായ 5,000/- രൂപ (അയ്യായിരം രൂപ മാത്രം) അനുവദിക്കണമെന്നും പരാമർശം (4) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ബേക്കറി - പാളയം - എയർപോർട്ട് റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ പട്ടം വില്ലേജിൽ സർവ്വേ നം. 1835/1-ൽപ്പെട്ട 0.45 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 88/2005 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ **5,000/- രൂപ (അയ്യായിരം രൂപ മാത്രം)** ടി കേസിലെ കക്ഷികളായ ശ്രീമതി ജസീന്ത ഹാരിസൺ, ശ്രീ. ഹാരിസൺ ബനഡിക്റ്റ് എന്നിവർക്ക് **'4217-60-800-93 Payment of Compensation in LAR Cases (Plan- Charged)'** എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന്

ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.

ജില്ലാ കളക്ടർ, തിരുവനന്തപുരം.

ബന്ധപ്പെട്ട കക്ഷികൾക്ക് (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന)

സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.

ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/438/2025/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ